പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3505 20.6.2019 ൽ മറുപടിയ്ക്ക്

# ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം നൽകാൻ നടപടി

ചോദ്യം

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | |
|---|---|
| (എ) അംഗപരിമിതരുടെ അവകാശ സംരക്ഷണ നിയമപ്രകാരം ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം സർക്കാർ സർവ്വീസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ അത് പൂർണ്ണമായും നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) The Rights of Persons with Disabilities Act, 2016 Section 34 പ്രകാരം സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം ഏർപ്പെടുത്തുന്നതിലേയ്ക്കായി, common category തസ്തികകളിൽ 3% സംവരണം ഏർപ്പെടുത്തുന്നതിനായി നാളിതുവരെ കണ്ടെത്തിയ തസ്തികകളുടെ പട്ടിക തയ്യാറാക്കി ആയവ 4% സംവരണത്തിന് അനുയോജ്യമാണോയെന്ന് പരിശോധിക്കുന്നതിന് വിവിധ മേഖലയിലുള്ള വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 27.2.2019 തീയതിയിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുകയും ഓരോ തസ്തികയിലെയും ജോലി നിർവ്വഹിക്കുന്നതിന് ആവശ്യമായ physical requirements & functional classification തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആയത് വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ലഭ്യമായ പൊതുജനാഭിപ്രായം പരിശോധിച്ച് വരികയുമാണ്. |
| (ബി) ഏതൊക്കെ തസ്തികകളിൽ ഭിന്നശേഷിക്കാരെ നിയമിക്കാമെന്നത് കണ്ടെത്തുന്നതിനായി വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (ബി) സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി ചെയർമാനും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കൺവീനറും വിവിധ മേഖലയിലെ ഡോക്ടർമാർ, സംഘടനാ പ്രതിനിധികൾ, വകുപ്പ് മേധാവികൾ എന്നിവർ അംഗവുമായിട്ടുള്ള എക്സ്പർട്ട് കമ്മിറ്റിയാണ് ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തിക കണ്ടെത്തുന്നത്. ടി കമ്മിറ്റി ഓരോ തസ്തികയുടെയും physical & functional requirements കണ്ടെത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് ജോയിന്റ് സെക്രട്ടറി ചെയർമാനും സാമൂഹ്യനീതി ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ കൺവീനറും ആയിട്ടുള്ള |

| | |
|---|---|
| | സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ടി കമ്മിറ്റി തസ്തികകളുടെ physical & functional requirements തയ്യാറാക്കിയിട്ടുണ്ട് |
| (സി) ഇതിന്റെ അടിസ്ഥാനത്തിൽ ശിപാർശ ചെയ്തിട്ടുള്ള തസ്തികകളിൽ അംഗപരിമിതരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) ശുപാർശ ചെയ്ത തസ്തികകളിന്മേലുള്ള പൊതുജനാഭിപ്രായവും കൂടി പരിശോധിച്ച് എക്സ്പെർട്ട് കമ്മിറ്റി തീരുമാനമെടുക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ് |
| (ഡി) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച ഉത്തരവ് പ്രാവർത്തിമാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ; വിശദമാക്കുമോ? | (ഡി) ഉണ്ട്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം ഏർപ്പെടുത്തി 18.11.2018 തീയതിയിലെ G.O(P) 18/18/SJD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രാവർത്തികമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ